ചെയർമാൻ ആന്റ് മാനേജിംഗ് ഡയറക്ടർ ആയി പ്രവർത്തിക്കുന്നത്. കെ.യു.ആർ.ടി.സി.-യുടെ ഭരണസിമിതിയിൽ കെ.എസ്.ആർ.ടി.സി. ഭരണസമിതി അംഗങ്ങളെ കൂടാതെ നഗരവികസനകാര്യ വകുപ്പ് പ്രതിനിധിയെ കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. 1950-ലെ Road Transport Corporation Act പ്രകാരമാണ് പ്രവർത്തനങ്ങൾ നടത്തുന്നത്.

(ഡി) പദ്ധതി ചെലവിന്റെ 80 ശതമാനം കേന്ദ്രനഗര വികസന വകുപ്പാണ് വഹിക്കുന്നത്. ആദ്യഘട്ടമായി 320 ബസ്സുകൾ (80 എ.സി. ബസ്സുകളും 240 നോൺ എ.സി. ബസ്സുകളും) രണ്ടാം ഘട്ടത്തിൽ 400 ബസ്സുകളും (110 എ.സി. ബസ്സുകളും 290 നോൺ എ.സി. ബസ്സുകളും) ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ജൻറം ഒന്നാം ഘട്ടത്തിൽ 78.12 കോടി രൂപ അനുവദിച്ചിട്ടുണ്ട്. രണ്ടാം ഘട്ടത്തിൽ ബസ്സുകൾ വാങ്ങുന്നതിന് 154.4 കോടി രൂപയും അടിസ്ഥാന സൗകര്യ വികസനത്തിന് 16.31 കോടി രൂപയും കേന്ദ്ര നഗരവികസന വകുപ്പാണ് അനുവദിക്കുന്നത്.

വാണിജ്യ സമുച്ചയങ്ങളുടെ പ്രവർത്തനം

233 (4568) ശ്രീ. എളമരം കരീം :
ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ :
ശ്രീ. സി. കൃഷ്ണൻ :
ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി.-യുടെ വാണിജ്യ സമുച്ചയങ്ങളുടെ പ്രവർത്തനം സംബന്ധിച്ച് വിശദമാക്കാമോ ; ഏതെല്ലാം സ്ഥലങ്ങളിലായിരുന്നു വാണിജ്യ സമുച്ചയ പദ്ധതികൾ ആവിഷ്കരിച്ചിരുന്നത് ; അവ ഓരോന്നിന്റെയും നിലവിലെ സ്ഥിതി എന്താണ് ; ഓരോ പദ്ധതിക്കും ലക്ഷ്യമിട്ടിരുന്ന തുക എത്ര ; ഇതിനകം ചെലവായതെത്ര ;

(ബി) തമ്പാനൂർ ബസ് ടെർമിനൽ ഉദ്ഘാടനം ചെയ്തത് എല്ലാ പ്രവൃത്തികളും പൂർത്തിയാക്കിയതിനുശേഷമായിരുന്നുവോ ; ഉദ്ഘാടനത്തിനുശേഷം നടന്ന പ്രവൃത്തികളും ചെലവും സംബന്ധിച്ച് വിശദമാക്കാമോ ;

(സി) തമ്പാനൂരിലെ ബഹുനില മന്ദിരത്തിന്റെ ലക്ഷ്യം കൈവരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വെളിപ്പെടുത്താമോ ; പ്രസ്തുത മന്ദിരത്തിലെ മൊത്തം വാണിജ്യ സൗകര്യങ്ങളിൽ എത്ര ശതമാനം ഇപ്പോഴും ഉപയോഗിക്കപ്പെടാതെ കിടക്കുന്നുണ്ട് ; അവ വാടകയ്ക്ക് നൽകാൻ കഴിയാതിരിക്കുന്നതിന്റെ കാരണം വെളിപ്പെടുത്താമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) തമ്പാനൂർ, തിരുവല്ല, അങ്കമാലി, കോഴിക്കോട് എന്നീ ബി.ഒ.ടി. പ്രോജക്ടുകൾ ഉൾപ്പെടെ 59 ഡിപ്പോകളിൽ രണ്ട് ഘട്ടങ്ങളിലായി ഷോപ്പിംഗ് കോംപ്ലക്സുകൾ നിർമ്മിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ഇവയിൽ കാട്ടാക്കട, കാസർഗോഡ്, കൊട്ടാരക്കര എന്നിവ നിർമ്മാണം പൂർത്തിയാക്കി പ്രവർത്തിച്ചുവരുന്നു. നെടുമങ്ങാട്, നെയ്യാറ്റിൻകര, പയ്യന്നൂർ എന്നീ സ്ഥലങ്ങളിൽ പണി ഉടൻ പൂർത്തിയാകും. മൂവാറ്റുപുഴ, തൊടുപുഴ, നിലമ്പൂർ, കോട്ടയം എന്നിവിടങ്ങളിലെ പണി പുരോഗതിയിലാണ്. ഹരിപ്പാട്, പത്തനംതിട്ട പണി ആരംഭിച്ചു. പാലക്കാട്, പാലാ, കോട്ടയം എന്നിവിടങ്ങളിൽ പണി നടത്തുവാനുള്ള തയ്യാറെടുപ്പുകൾ നടന്നുവരുന്നു. ബി.ഒ.ടി. അടിസ്ഥാനത്തിൽ നിർമ്മാണം നടന്ന തമ്പാനൂർ, തിരുവല്ല, അങ്കമാലി, കോഴിക്കോട് ഇവ പൂർത്തിയാക്കിയിട്ടുണ്ട്. അങ്കമാലിയിൽ നിന്നുള്ള വരുമാനത്തിന്റെ പങ്ക് കെ.എസ്.ആർ.ടി.സി.-ക്ക് ലഭിച്ചു തുടങ്ങിയിട്ടുണ്ട്. കാട്ടാക്കട, കാസർഗോഡ്, കൊട്ടാരക്കര എന്നീ വാണിജ്യ സമുച്ചയങ്ങളിൽനിന്നും ലൈസൻസ് ഫീ വരുമാനം ലഭിച്ചുവരുന്നു. അവയുടെ പണിക്കായി ലക്ഷ്യമിട്ടിരുന്ന തുകയും ചെലവായ തുകയും ചുവടെ ചേർക്കുന്നു :

പദ്ധതി	ലക്ഷ്യമിട്ടിരുന്ന തുക (രൂപ)	ചെലവായ തുക (രൂപ)
തിരുവനന്തപുരം	62,79,00,000	61,39,00,000
തിരുവല്ല	41,38,00,000	35,48,00,000
അങ്കമാലി	29,03,00,000	33,42,00,000
കോഴിക്കോട്	51,88,00,000	55,00,00,000
കാസർഗോഡ്	4,32,00,000	4,46,96,000
കൊട്ടാരക്കര	1,95,00,000	2,59,35,000
കാട്ടാക്കട	3,23,00,000	3,61,59,850

തിരുവനന്തപുരം, തിരുവല്ല, അങ്കമാലി, കോഴിക്കോട് എന്നീ പ്രോജക്ടുകളുടെ ഫൈനൽ ബിൽ തയ്യാറായിട്ടില്ല. ഫൈനൽ ബില്ലിന്റെ പേയ്മെന്റ് കഴിഞ്ഞാൽ മാത്രമേ യഥാർത്ഥ ചെലവ് അറിയാൻ സാധിക്കുകയുള്ളൂ.

(ബി) ഏറെക്കുറെ എല്ലാ പ്രവർത്തികളും പൂർത്തിയാക്കിയതിനുശേഷമാണ് ഉദ്ഘാടനം ചെയ്തത്. ഉദ്ഘാടനത്തിനുശേഷം യാർഡിൽ കോബിൾ സ്റ്റോൺ പാകി, പെഡസ്ട്രിയൻ ബാരിയർ പണിയൽ, കൂടാതെ എൻട്രൻസിലും എക്സിറ്റിലും

കോമ്പൗണ്ട് വാൾ, റിസർവേഷൻ കൗണ്ടർ, സ്റ്റേഷൻ മാസ്റ്ററുടെ ഓഫീസ്, ഗ്രൗണ്ട് ഫ്ലോറിൽ ടോയ്ലെറ്റ്, പോലീസ് എയ്ഡ് പോസ്റ്റ്, ലേഡീസ് ക്യാബിൻ, തമിഴ്നാട്, കർണാടക ആർ.റ്റി.സി.-കൾക്കു വേണ്ടിയുള്ള ടിക്കറ്റ് കൗണ്ടർ എന്നീ ജോലികളും ചെയ്യ. ഇതിനെല്ലാമായിട്ട് 4 കോടി രൂപ ചെലവായി.

(സി) തമ്പാനൂരിലെ ബഹുനില മന്ദിരത്തിലെ 5% സ്ഥലം മാത്രമേ വാടകയ്ക്ക് എടുത്തിട്ടുള്ളൂ. ആവശ്യപ്പെട്ടിട്ടുള്ള സെക്യൂരിറ്റി തുക നൽകുവാൻ വ്യാപാരികൾ വിമുഖത കാണിക്കുന്നുണ്ട്. മാത്രമല്ല online trading-ന്റെ കടന്നു കയറ്റവും ഈ സ്ഥലങ്ങൾ ലേലത്തിൽ പോകുന്നതിനുള്ള കാലതാമസത്തിന്റെ മറ്റൊരു കാരണമായി കരുതുന്നു. സർക്കാർ ഉത്തരവ് പ്രകാരം 10% വാടകയിൽ ഇളവ് നൽകിയും വാടകയിന്മേൽ ലേലം നടത്തി ലേലത്തിൽ ഉറപ്പിക്കുന്ന മാസവാടകയുടെ 12 മുതൽ 24 ഇരട്ടി മാത്രം സെക്യൂരിറ്റി തുകയായി ഒടുക്കിയും കടകൾ ലേലത്തിൽ പിടിക്കാനുള്ള ഒരു അവസരവും ടെണ്ടറിലൂടെ ചെയ്യാൻ തീരുമാനിച്ചിട്ടുണ്ട്.

സ്വകാര്യ ബസ് സർവ്വീസ് രംഗത്തെ പ്രശ്നങ്ങൾ

234 (4569) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വകാര്യ ബസ് സർവ്വീസ് രംഗത്തെ പ്രശ്നങ്ങൾ വിലയിരുത്തിയിട്ടുണ്ടോ ;

(ബി) സ്വകാര്യ ബസ്സുകൾ പൂർണ്ണമായും സർവ്വീസ് നടത്താത്തത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(സി) പെരുമ്പാവൂരിൽനിന്നും ചുണ്ടക്കുഴി-ചെട്ടിനട, നെടുങ്കണ്ടം-മീമ്പാറ-ചൂരമുടി മുതലായ സ്ഥലങ്ങളിലേക്ക് സർവ്വീസ് നടത്തുന്ന ബസ്സുകൾ ഏതെല്ലാമാണ് ;

(ഡി) പ്രസ്തുത റൂട്ടിലെ ഏതെങ്കിലും സർവ്വീസുകൾ വെട്ടിക്കുറച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ കാരണം വ്യക്തമാക്കാമോ ;

(ഇ) നിർത്തലാക്കിയ സർവ്വീസുകൾ പുനരാംരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ ;

(എഫ്) അകാരണമായി ബസ് സർവ്വീസുകൾ ഒഴിവാക്കുന്നവർക്കെതിരെ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) ഉണ്ട്.

(സി) ബസ്സുകളുടെ നമ്പരുകൾ താഴെ ചേർക്കുന്നു :

LIBRARY ARCHIVES Kerala Legislative Assembly